# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 20, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 350)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 2584 മുതൽ 2727 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 2728 മുതൽ 2815 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 2816 മുതൽ 2867 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 2868 മുതൽ 2933 വരെ |

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ

2584 ശ്രീ. സി. മോയിൻകുട്ടി
,, കെ.എം. ഷാജി
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സ്കൂൾ തുറക്കുന്നതിനുമുമ്പായി അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ടോ എന്ന് പരിശോധിച്ച് ക്ലിയറൻസ് നൽകാൻ ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഇനിയും അത്തരം പരിശോധന നടത്താത്ത ഏതെങ്കിലും സ്കൂളുകളുണ്ടെങ്കിൽ അവ സമയബന്ധിതമായി പരിശോധിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഐ. ഇ. ഡി. എസ്. എസ്. സ്കീമിൽ അവധിക്കാല പരിശീലനം

2585 ശ്രീ. എ. എം. ആരിഫ്
,, എസ്. രാജേന്ദ്രൻ
,, എം. ഹംസ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഐ. ഇ. ഡി. എസ്. എസ്. സ്കീമിൽ ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന അവധിക്കാല പരിശീലനം മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി അനുവദിച്ച തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായതായി അറിയാമോ ;

(സി) റിസോഴ്സ് അദ്ധ്യാപകരുടെ പുനർനിയമനം നടക്കാതിരുന്നതാണ് ഈ അവസ്ഥയ്ക്ക് കാരണമെന്നത് അറിവുള്ളതാണോ;

(ഡി) പ്രത്യേക പരിഗണന അർഹിക്കുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് അവധിക്കാല പരിശീലനം നിഷേധിക്കാൻ ഇടയായ സാഹചര്യം പരിശോധിക്കുമോ ;

(ഇ) ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>പരീക്ഷാ ഭവന്റെ പ്രവർത്തനങ്ങൾ</u>

2586 ശ്രീ. പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവ കൂടി പരീക്ഷാ ഭവന്റെ പരിധിയിൽ കൊണ്ട് വരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി പരീക്ഷാ ഭവനിലെ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

പൊതു വിദ്യാഭ്യാസ മേഖല യു.ഐ.ഡി. അധിഷ്ഠിതമാക്കൽ

2587 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതു വിദ്യാഭ്യാസ മേഖല പൂർണ്ണമായും യു.ഐ.ഡി. അധിഷ്ഠിതമാക്കുന്നതിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) യു.ഐ.ഡി. ലഭിക്കാത്തതു മൂലം വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട വിവിധ സ്കോളർഷിപ്പുകൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്കൂൾ അധികൃതർ വെബ്സൈറ്റിൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ സൗകര്യമൊരുക്കുമോ;

(ഇ) യു.ഐ.ഡി. ലഭിക്കാത്ത വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ സൈറ്റിൽ പ്രസിദ്ധീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

അൺ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റുകളുടെ ചൂഷണം

2588 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ഇടയിൽ മാനേജ്മെന്റുകളുടെ ചൂഷണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) മാനേജ്മെന്റിന്റെ ചൂഷണത്തിനെതിരെ ജീവനക്കാർ പ്രത്യക്ഷ സമരത്തിലേക്ക് വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(സി) ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് വ്യക്തമായ സേവന വേതന വ്യവസ്ഥകൾ രൂപപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>അനദ്ധ്യാപക വിദ്യാഭ്യാസ പാക്കേജ്</u>

2589 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനദ്ധ്യാപക വിദ്യാഭ്യാസ പാക്കേജ് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം ഉയർത്താൻ നടപടി</u>

2590 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതന ഘടന

T2591 ശ്രീ. ജി. സുധാകരൻ
,, റ്റി. വി. രാജേഷ്
,, ബി. സത്യൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. സിലബസിൽ വിദ്യാഭ്യാസം നൽകുന്ന സ്വകാര്യ അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിശ്ചയിച്ചിരിക്കുന്ന വേതന ഘടന എന്താണെന്ന് സംസ്ഥാന സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകർക്കായി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) ഈ മേഖലയിലെ അദ്ധ്യാപകർ കടുത്ത ചൂഷണത്തിനിരയാക്കപ്പെടുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; നിശ്ചയിക്കപ്പെട്ട വേതനം അദ്ധ്യാപകർക്ക് കിട്ടുന്നു എന്നുറപ്പാക്കാൻ വ്യവസ്ഥകൾ ഏർപ്പെടുത്താമോ ;

(ഡി) ഇവരുടെ പ്രശ്നങ്ങൾ പഠിക്കാനായി ഒരു സ്വതന്ത്ര സമിതിയെ നിയമിക്കുന്നതിനെ കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് എന്തായിരുന്നു ; അത് നടപ്പാക്കിയോ ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളിലെ സേവന വേതന വ്യവസ്ഥകൾ</u>

2592 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കമ്മീഷനെ നിയമിച്ചത് എപ്പോഴാണ്;

(ഡി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ എന്ന് വെളിപ്പെടുത്തുമോ;

(ഇ) എന്തെല്ലാം വ്യവസ്ഥകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>ജൂനിയർ ലാംഗേ്വജ് ടീച്ചർ</u>

2593 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർട്ട് ടൈം അദ്ധ്യാപക തസ്തികയുടെ പേര് ജൂനിയർ ലാംഗേ്വജ് ടീച്ചർ എന്നാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പാർട്ട് ടൈം അദ്ധ്യാപകർക്ക് കെ.എസ്.ആർ ഒന്നും രണ്ടും ഭാഗങ്ങൾ ബാധകമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) പാർട്ട് ടൈം വിത്ത് ഫുൾ ടൈം ബെനിഫിറ്റ്സ് എന്നത് വ്യക്തമാക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

കോട്ടം എൽ.പി. സ്കൂളിന്റെ മാനേജ്മെന്റ് ട്രാൻസ്ഫർ

2594 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിദ്യാഭ്യാസ ജില്ലയിലെ കോട്ടം എൽ.പി. സ്കൂളിന്റെ മാനേജ്മെന്റ് ട്രാൻസ്ഫറിന് നൽകിയിട്ടുള്ള അപേക്ഷയിലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷ ഡി.പി.ഐ ഓഫീസിൽ എന്ന് കിട്ടിയിട്ടുണ്ട് എന്നും ഇതിന്റെ ഫയൽ നമ്പറും ഇതിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഈ ഫയൽ ഡി.പി.ഐ യിൽ കിട്ടിയതിനു ശേഷം ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല എങ്കിൽ ഈ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

വി.എച്ച്.എസ്.ഇ. ഡയറക്ടർ

2595 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ വി.എച്ച്.എസ്.ഇ. ഡയറക്ടർ ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ ഡയറക്ടർ സ്ഥിരം ചുമതലയാണോ താല്ക്കാലിക ചുമതലയാണോ വഹിക്കുന്നത് ;

(സി) താല്ക്കാലിക ചുമതലയാണെങ്കിൽ എത്ര കാലമായി തുടരുന്നു എന്ന് തീയതി സഹിതം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപനം</u>

2596 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാർ ഇപ്പോൾ എത്ര മണിക്കൂർ അദ്ധ്യാപനം നടത്തുന്നുണ്ട്;

(ബി) ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരെ അദ്ധ്യാപനത്തിൽ നിന്ന് ഒഴിവാക്കുവാൻ നടപടി കൈക്കൊളളുമോ;

(സി) ഹയർസെക്കണ്ടറി സ്കൂളുകളിൽ ഓഫീസ് അസിസ്റ്റന്റുമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകൾ

2597 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഒഴിവുകളുടെ എണ്ണം എത്ര; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഏ. ഇ. ഒ, ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർ എന്നിവരുടെ ഒഴിവുകളുടെ എണ്ണം എത്രയാണ്; ഏതെല്ലാം ജില്ലകളിലാണ് ഒഴിവുള്ളത്;

(സി) അക്കാദമിക് ചുമതലയുള്ള അഡീഷണൽ ഡി. പി. ഐ. യുടെ ഒഴിവ് എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നു എന്ന് അറിയിക്കാമോ; ഈ ഒഴിവ് നികത്തിയിട്ടുണ്ടോ;

(ഡി) ഹയർ സെക്കണ്ടറി തലം ഉൾപ്പെടെ സംസ്ഥാനത്തെ സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപക നിയമനത്തിന് അംഗീകാരം

2598 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ മുൻ വർഷങ്ങളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് അംഗീകാരം നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തസ്തിക സൃഷ്ടിക്കാതെ പുതിയ കോഴ്സുകളും ബാച്ചുകളും വീണ്ടും അനുവദിക്കുന്നതിനാൽ പുതുതായി നിയമിക്കപ്പെടുന്നവർക്ക് പ്രയാസം അനുഭവപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ ഇതുവരെയായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് സ്കൂളുകളിലെ സേവനവേതന വ്യവസ്ഥകൾ</u>

2599 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടും അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താത്തതിന്റെ കാരണം എന്താണ്;

(ബി) പ്രസ്തുത ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സർക്കാർ സ്കൂളുകളിലേതു പോലെ ആക്കാത്തതിനാൽ പി.എസ്.സി വഴിയുള്ള സ്ഥിരം അദ്ധ്യാപകർ പഞ്ചായത്ത് സ്കൂളുകളിൽ എത്താത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) സർക്കാർ സ്കൂളുകളുടെ പരിഗണന പഞ്ചായത്ത് സ്കൂളുകൾക്കും ലഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പളം</u>

2600 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 വർഷത്തിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ചിരുന്നെങ്കിലും തസ്തിക സൃഷ്ടിക്കാത്തതിന്റെ പേരിൽ മൂന്നുവർഷമായി ശമ്പളം ലഭിക്കാതെ അദ്ധ്യാപകർ വലയുമ്പോൾ വീണ്ടും പുതിയ പ്ലസ്ടു ബാച്ചുകൾ അനുവദിക്കുന്നത് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുമെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മൂന്ന് വർഷമായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

നിയമനങ്ങൾ അംഗീകരിച്ചു നൽകുന്നതിൽ
ഉണ്ടാകുന്ന കാലതാമസം

2601 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും നിയമനങ്ങൾ അംഗീകരിച്ച് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നിശ്ചിത സമയപരിധി നിശ്ചയിക്കുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിലുള്ള ഒഴിവുകൾ</u>

2602 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) എച്ച്. എസ്. എ. (മലയാളം) തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റം വഴിയുള്ള നിയമനത്തിനായി 2012–2013 വർഷം കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നിയമനം ആർക്കെങ്കിലും നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് എന്നത്തേക്ക് നിയമനം നൽകാൻ കഴിയുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ
കംപാഷണേറ്റ് ട്രാൻസ്ഫർ

2603 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കംപാഷണേറ്റ് ട്രാൻസ്ഫർ നൽകുന്നതിന് വകുപ്പിൽ നിലവിലുളള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ കംപാഷണേറ്റ് ട്രാൻസ്ഫർ പ്രകാരം ജനറൽ ട്രാൻസ്ഫറിന് മുൻപ് എത്ര അധ്യാപകർക്കും ജീവനക്കാർക്കും സ്ഥലംമാറ്റം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലംമാറ്റത്തിൽ മേൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>മാനേജ്മെന്റ് ട്രാൻസ്ഫർ</u>

2604 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ. ഓഫീസിലെ 'ജി' സെക്ഷനിൽ സ്കൂൾ മാനേജ്മെന്റ് ട്രാൻസ്ഫർ സംബന്ധിച്ച ഒരു വർഷത്തിൽ കൂടുതലായ എത്ര ഫയൽ കെട്ടിക്കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാമാണെന്നും അപേക്ഷകൾ കിട്ടിയത് എപ്പോഴാണെന്നും ഇതിന്റെ വിശദാംശങ്ങളും പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഇംഗ്ലീഷ് അദ്ധ്യാപകരുടെ പ്രൊമോഷൻ

2605 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി ജൂനിയർ ഇംഗ്ലീഷ് സർക്കാർ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി തസ്തികയിലെക്ക് പ്രൊമോഷൻ നൽകുന്നതിനുളള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ഇവർക്ക് എന്നത്തേക്ക് പ്രൊമോഷൻ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) പുതിയ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തിയതിനുശേഷമാണ് ഇവർക്ക് പ്രൊമോഷൻ ലഭിക്കുന്നതെങ്കിൽ ഇവരുടെ സീനിയോറിറ്റി എപ്രകാരം നിർണയിക്കുമെന്ന് അറിയിക്കുമോ;

(സി) എച്ച്.എസ്.എസ്.ടി (ജൂനിയർ) ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുവേണ്ടി എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എന്നാണ് നിലവിൽ വന്നതെന്നും അറിയിക്കുമോ;

(ഡി) തിരുവനന്തപുരം, കൊല്ലം ആലപ്പുഴ ജില്ലകളിൽ ഏതൊക്കെ ഹയർ സെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് തസ്തികയുടെ ഒഴിവുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

## അദ്ധ്യാപകരുടെ സെൻസസ് ഡ്യൂട്ടിയും ലീവ് സറണ്ടറും

2606 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010–ലെ സെൻസസ് ഡ്യൂട്ടി ചെയ്ത് ലീവ് സറണ്ടർ വാങ്ങിയ അദ്ധ്യാപകരിൽ നിന്നും പ്രസ്തുത തുക തിരിച്ച് വാങ്ങണമെന്ന നിർദ്ദേശം സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സെൻസസ് ഡ്യൂട്ടി ചെയ്യുകയും ലീവ് സറണ്ടർ വാങ്ങുകയും ചെയ്ത ഒട്ടേറെ അദ്ധ്യാപകർ സർവ്വീസിൽ നിന്നും കഴിഞ്ഞ മാസങ്ങളിൽ വിരമിക്കുകയും ഇവർ വാങ്ങിയ സറണ്ടർ തുക തിരിച്ചടയ്ക്കണമെന്ന നിർദ്ദേശം സർക്കാർ തന്നെ സ്റ്റേ ചെയ്യുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ വിരമിച്ച അധ്യാപകർക്ക് എൻ. എൽ. സി. നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) എൻ.എൽ.സി. ലഭിക്കാത്തതുമൂലം ഒട്ടേറെ അദ്ധ്യാപകർക്ക് പെൻഷൻ ഇനിയും ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സറണ്ടർ തിരിച്ചടയ്ക്കുന്നത് സ്റ്റേ ചെയ്ത സാഹചര്യത്തിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ എത്രയും വേഗം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പ്ലസ് ടു ബാച്ചിലെ അദ്ധ്യാപകരുടെ ശമ്പളം</u>

2607 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 അദ്ധ്യയന വർഷം എത്ര ഹയർ സെക്കന്ററി സ്കൂളും ബാച്ചും അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ആയതിൽ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ചും അതിൽ ബയോ-സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നിങ്ങനെ എത്ര ബാച്ച് വീതമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) 2012-2013 അദ്ധ്യയന വർഷം ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര സീറ്റുകളിൽ കുട്ടികളുണ്ടായിരുന്നില്ല ; വ്യക്തമാക്കുമോ ;

(സി) 2012-2013 അദ്ധ്യയന വർഷം ആയിരക്കണക്കിന് സീറ്റുകൾ ഹയർ സെക്കന്ററി സ്കൂളുകളിൽ ഒഴിഞ്ഞു കിടക്കുമ്പോൾ ധൃതി പിടിച്ച് സർക്കാർ/എയ്ഡഡ് മേഖലകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് വ്യാപക ആക്ഷേപം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) മുൻ വർഷങ്ങളിൽ പ്ലസ് ടു അനുവദിച്ചതിന്റെ ഫലമായി അദ്ധ്യാപനം നടത്തി വരുന്ന എത്ര അദ്ധ്യാപകർക്ക് നാളിതുവരെ ശമ്പളമോ മറ്റ് ആനുകൂല്യങ്ങളൊ കിട്ടുന്നില്ല ; വ്യക്തമാക്കുമോ ?

(ഇ) ഇത്തരം ശമ്പളം ലഭിക്കാത്ത പ്ലസ്ടു അദ്ധ്യാപകർ ധാരാളം സംസ്ഥാനത്തുള്ളപ്പോൾ പുതിയ ഹയർസെക്കന്ററി സ്കൂളുകൾക്ക് അനുമതി നൽകുന്നത് പരിശോധിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതനം

2608 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തു പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇത് നടപ്പിൽ വരുത്താത്ത സ്ഥാപനങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

2609 ശ്രീ. എ.എ അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ഏതൊക്കെ സ്ക്കൂളുകളിലും കോളേജുകളിലുമാണ് നടപ്പിലാക്കി വരുന്നത്;

(ബി) പ്രസ്തുത പദ്ധതി ഈ വർഷം എത്ര സ്കൂളുകളിലേക്ക് കൂടിയാണ് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ലബ്ബ കമ്മറ്റി റിപ്പോര്‍ട്ട്</u>

2610 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഹയര്‍ സെക്കണ്ടറി പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന് ലബ്ബ കമ്മറ്റി സര്‍ക്കാരിനു റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോര്‍ട്ടിലെ ശുപാര്‍ശകള്‍ സംബന്ധിച്ച് വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിനും പാഠപുസ്തക നിര്‍മ്മിതിക്കുമുള്ള നടപടികള്‍ ഈ അധ്യയന വര്‍ഷം അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വൊക്കേഷണല്‍ ഹയര്‍ സെക്കണ്ടറി വിദ്യാഭ്യാസത്തെ ശാക്തീകരിക്കുന്നതിന് പ്രത്യേക ശുപാര്‍ശകള്‍ എന്തെങ്കിലും കമ്മിറ്റി നിര്‍ദ്ദേശിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

പാഠ്യ പദ്ധതി പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ട്

2611 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധ്യയന നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) അധ്യാപകരും വിദ്യാർത്ഥികളും ആർജിച്ചെടുക്കേണ്ട ശേഷികളും ധാരണകളും നേടുവാൻ ഇപ്പോഴത്തെ പരിശീലനങ്ങളും പാഠ്യപദ്ധതികളും പര്യാപ്തമാണോ; അല്ലെങ്കിൽ ഇത് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>നടപ്പിലാക്കാൻ കഴിയാതെ പോയ പദ്ധതികൾ</u>

2612 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ചില പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ പോയതിന്റെ കാരണം വിശദമാക്കാമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് അനുവദിക്കുന്ന ഫണ്ട്</u>

2613 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്ന നിയമസഭാ മണ്ഡലങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള ഫണ്ടുകളാണ് സർക്കാർ അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഐ.ടി അറ്റ് സ്കൂൾ പദ്ധതി

2614 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി അറ്റ് സ്കൂൾ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത് ഏതു വർഷത്തിലാണ്;

(ബി) പദ്ധതി ആരംഭിച്ചതിനു ശേഷം ഓരോ വർഷവും എത്ര തുക വീതം പദ്ധതി നിർവ്വഹണത്തിനായി ചെലവഴിക്കപ്പെട്ടുവെന്നു വ്യക്തമാക്കുമോ;

(സി) 2011-2012 സാമ്പത്തിക വർഷം എത്ര തുക വിവിധ പദ്ധതികൾക്കായി ചെലവഴിച്ചുവെന്നും പദ്ധതികൾ ഏതെല്ലാമായിരുന്നുവെന്നും പദ്ധതി നടത്തിപ്പിനായി തെരെഞ്ഞെടുത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) 2012-13 സാമ്പത്തികവർഷം എത്ര തുക വിവിധ പദ്ധതികൾക്കായി ചെലവഴിച്ചുവെന്നും പദ്ധതികൾ ഏതെല്ലാമായിരുന്നുവെന്നും പദ്ധതി നടത്തിപ്പിനായി തെരെഞ്ഞെടുത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ഇ) 2013-14 ൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>ഐ. ടി. അറ്റ് സ്കൂൾ പദ്ധതി കാര്യക്ഷമമാക്കാൻ നടപടി</u>

2615 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂൾ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ സ്വതന്ത്രാധികാരമുള്ള ഒരു ഏജൻസി രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്നും അതു പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ചെലവഴിച്ച തുക</u>

2616 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് എത്ര രൂപയാണ് സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അനുവദിച്ചത്;

(ബി) അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; എസ്.എസ്.എ ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിക്കാൻ കഴിയുക; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ പദ്ധതി</u>

2617 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതി പ്രകാരം 2012-13 വർഷം സംസ്ഥാനത്തിന് എത്ര കോടി രൂപയാണ് ലഭിച്ചത്;

(ബി) ലഭിച്ച തുകയിൽ എത്ര ശതമാനം തുകയാണ് ചെലവഴിച്ചത്; ഈ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(സി) കാര്യക്ഷമമായ രീതിയിൽ ആർ.എം.എസ്.എ. പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>സ്കൂൾ ജാഗ്രതാ സമിതി</u>

2618 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരായ അതിക്രമങ്ങളും, ചൂഷണങ്ങളും തടയുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി സ്കൂൾ ജാഗ്രതാ സമിതികൾ സംസ്ഥാനത്തെ സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സമിതിയുടെ പ്രവർത്തന രീതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിന് പദ്ധതി

2619

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രപദ്ധതി പ്രകാരമുള്ള അവധിക്കാല പരിശീലനം</u>

2620 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രപദ്ധതി പ്രകാരമുള്ള അവധിക്കാല പരിശീലനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) പരിശീലകരായ അധ്യാപകർക്ക് പുനർ നിയമനം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടിക്ക് എത്ര തുക കേന്ദ്രപദ്ധതി പ്രകാരം ലഭിച്ചിട്ടുണ്ട്; ഏതൊക്കെ ക്ലാസുകളിലാണ് പരിശീലന പരിപാടി മുടങ്ങിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

## സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അനുവദിച്ച തുക

2621 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം 2012-13 വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്ര; ചെലവഴിക്കപ്പെട്ട തുക എത്ര;

(ബി) 2013-14 വർഷത്തേക്ക് ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക എത്ര;

(സി) മുൻവർഷം അനുവദിക്കപ്പെട്ട തുക പൂർണ്ണമായും വിനിയോഗിക്കാത്തതു കാരണം ഈ വർഷം അനുവദിക്കപ്പെട്ട തുകയിൽ കുറവുണ്ടായിയെന്ന വസ്തുത ശരിയാണോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഈ വർഷത്തെ തുക പൂർണ്ണമായും സമയബന്ധിതമായി ചെലവഴിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഉറപ്പു വരുത്തുമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

2622 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുക എത്രയായിരുന്നു;

(ഡി) അനുവദിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ചെലവഴിക്കാൻ കഴിയാതെ ലാപ്സായ തുക ഓരോ ഇനത്തിലും എത്രയുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വിവര - വിനിമയ - സാങ്കേതികവിദ്യാ പദ്ധതി</u>

2623 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവര - വിനിമയ - സാങ്കേതികവിദ്യാ പദ്ധതി (ഐ. സി. ടി. സ്കീം) നടപ്പിലാക്കുന്നതിന് 2012-2013 വർഷത്തിൽ കേന്ദ്രവിഹിതമായി എത്ര തുക ലഭിക്കുകയുണ്ടായി;

(ബി) സംസ്ഥാനത്തെ എത്ര ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടുവെന്നു വ്യക്തമാക്കുമോ;

(സി) ഓരോ വിഭാഗത്തിലും കണ്ണൂർ ജില്ലയിലെ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കപ്പെട്ടുവെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങളിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വിദ്യാഭ്യാസ പദ്ധതി</u>

2624 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന അക്ഷരകൈരളി സമ്പൂർണ്ണ വിദ്യാഭ്യാസ പദ്ധതിയിൽ കേടുവന്ന കമ്പ്യൂട്ടറുകൾ നന്നാക്കി ഉപയോഗയോഗ്യമാക്കുന്നതിന് ഐ.ടി. അറ്റ് സ്കൂളിന്റെ ഭാഗമായി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

2625 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്;

(സി) പാലക്കാട് ജില്ലയിലെ ഓരോ അസംബ്ലി മണ്ഡലങ്ങളിലും സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികൾ ആണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ;

(ഡി) ഈ അധ്യയന വർഷത്തിൽ എന്തെല്ലാം പദ്ധതികൾ ആണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പരീക്ഷാഭവനിലെ അധികജോലി</u>

2626 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതിനായി പരീക്ഷാഭവനിൽ പ്രതിമാസം എത്ര അപേക്ഷകൾ വീതം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി ജില്ലകളിൽ അദാലത്തുകൾ നടത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര ജില്ലകളിൽ അദാലത്തുകൾ നടത്തിയെന്നും ഓരോ ജില്ലകളിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അറിയിക്കാമോ;

(സി) അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; ജീവനക്കാരുടെ കുറവുമൂലം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ആദ്യത്തെ അദാലത്ത് മുതൽ സർക്കാർ നടപടികളിൽ പൂർണ്ണമായും സഹകരിക്കുകയും അവധി ദിവസങ്ങളിൽ പോലും ജോലികൾ ചെയ്യുന്നവരുമായ പരീക്ഷാഭവൻ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നത് പരിഗണിക്കുമോ;

(ഇ) അധികജോലി ചെയ്യുന്ന ബന്ധപ്പെട്ട ജീവനക്കാർക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച ഫയൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>ബദൽ വിദ്യാലയങ്ങൾ</u>

2627 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന എത്ര ബദൽ വിദ്യാലയങ്ങളാണ് എൽ.പി. സ്കൂളുകളായി ഉയർത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിൽ മലപ്പുറം ജില്ലയിൽ ഏതെല്ലാം ബദൽ വിദ്യാലയങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഏറനാട് മണ്ഡലത്തിൽ നിന്നും എൽ. പി. സ്കൂളുകളായി ഉയർത്തിയിട്ടുള്ള ബദൽ വിദ്യാലയങ്ങൾ ഏതെല്ലാമാണ്; ഏറനാട് മണ്ഡലത്തിൽ നിന്നും കൂടുതൽ ബദൽ വിദ്യാലയങ്ങളെ എൽ. പി. സ്കൂളുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പുതിയ പരിഷ്കാരങ്ങൾ

2628 ശ്രീ. എം. എ. ബേബി
,, എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പുതിയ അധ്യയന വർഷം സംസ്ഥാനത്ത് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സർക്കാർ നേരത്തെ പ്രഖ്യാപിച്ച വിദ്യാഭ്യാസ പാക്കേജ് സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പ് ഏത് ഘട്ടത്തിലാണ്;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ ഈ അധ്യയനവർഷം മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുടെ ആശങ്കകൾ ഉയർന്നിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആശങ്കകൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ;

(ഡി) സ്കൂളുകളുടെ പുനർനാമകരണങ്ങളും ക്ലാസ്സുകളുടെ പുനഃക്രമീകരണവും ഈ വർഷം നടപ്പിലാക്കുന്നുണ്ടോ?

**കേരള നിയമസഭ**
**20.06.2013–ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ പാക്കേജ്</u>

2629 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനത്ത് പുതിയ അധ്യയന വർഷം മുതൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപക സംഘടനകൾ ഉന്നയിച്ച പരാതികളിൽ പരിഹാരം ഉണ്ടാക്കാമെന്ന ഉറപ്പ് നൽകിയിരുന്നോ;

(സി) ഈ ഉറപ്പ് തുടർന്നുളള ഉത്തരവിൽ ഉൾപ്പെടുത്തി പരിഹരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസാവകാശ നിയമം നടപ്പാക്കല്‍</u>

2630 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ വിദ്യാഭ്യാസാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ നിയമം നടപ്പിലാക്കിയതു വഴി സര്‍ക്കാര്‍/എയ്ഡഡ് മേഖലകളില്‍ ഓരോ ജില്ലകളിലും എല്‍. പി. സ്കൂള്‍ അധ്യാപകരുടെ എത്ര ഒഴിവുകള്‍ ഉണ്ടായിട്ടുണ്ട്;

(സി) എത്ര ഒഴിവുകള്‍ പി.എസ്.സി.യ്ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

2631 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട് ; സ്കൂളുകളുടെ പേര് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ട്രെയിനേഴ്സായി ജോലി ലഭിക്കുന്നതിനായി എം.എൽ.എ. മാരോട് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചു ; ഇതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

<u>പ്ലേ ഫോർ ഫൺ പദ്ധതി</u>

T-2632 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലേ ഫോർ ഫൺ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സ്ക്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് എന്നതിന്റെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് പുതിയ സ്ക്കൂളുകളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി</u>

2633 ശ്രീ. വി. ഡി. സതീശൻ
'' ജോസഫ് വാഴക്കൻ
'' ബെന്നി ബെഹനാൻ
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തകങ്ങൾ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി</u>

2634 ശ്രീ. സണ്ണി ജോസഫ്
'' സി. പി. മുഹമ്മദ്
'' ഡൊമനിക് പ്രസന്റേഷന്‍
'' അന്‍വന്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്കൂള്‍ കുട്ടികള്‍ക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം പദ്ധതി</u>

2635 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്ന സൗജന്യ യൂണിഫോം പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; എയ്ഡഡ് മേഖലകളിൽ പഠിക്കുന്ന കുട്ടികൾക്കും ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>എസ്. എസ്. എ. ഫണ്ട്</u>

2636

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിച്ച എസ്. എസ്. എ. ഫണ്ട് എത്രയായിരുന്നു;

(ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ചെലവഴിക്കാനാകാതെ ലാപ്സായ തുക എത്രയെന്ന് വിശദമാക്കാമോ; ഈ തുക ഏതെല്ലാം ഇനത്തിൽ ചെലവഴിക്കേണ്ടതായിരുന്നുവെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ട്</u>

2637 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം സ്കൂളുകൾക്ക് എസ്.എസ്.എ. ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഫണ്ട് അനുവദിച്ച് നൽകുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഐ. റ്റി.@സ്കൂള്‍ പദ്ധതി

2638 ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. റ്റി.@സ്കൂള്‍ പദ്ധതി പ്രകാരം സ്കൂളുകള്‍ക്ക് കഴിഞ്ഞ അദ്ധ്യയനവര്‍ഷം നല്‍കേണ്ട ഐ. റ്റി. ഉപകരണങ്ങള്‍ നാളിതുവരെ നല്‍കിയിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഐ. റ്റി. ഉപകരണങ്ങള്‍ സ്കൂളുകള്‍ക്ക് നല്‍കുവാന്‍ അടിയന്തിര നടപടി കൈക്കൊള്ളുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സ്പോർട്സ് ഉപകരണങ്ങളും, ലൈബ്രറികൾക്ക് പുസ്തകങ്ങളും വാങ്ങുന്നതിന് അനുവദിച്ച തുക</u>

2639 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ.കെ.വിജയൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ലൈബ്രറികളുള്ള സർക്കാർ സ്കൂളുകൾ എത്ര; എയ്ഡഡ് സ്കൂളുകൾ എത്ര;

(ബി) സ്കൂൾ ലൈബ്രറികളിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനും മറ്റുമായി ഈ അദ്ധ്യയന വർഷാരംഭം ശരാശരി എത്ര തുക വീതം ഓരോ സ്കൂളിനും അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക നൽകാറുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം; 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുക ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് സ്വകാര്യ കമ്പനികൾ

2640 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നത് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ പരാതികളില്ലാതെ പി. ടി. എ. കൾ നടത്തി വരുന്ന യൂണിഫോം വിതരണം സ്വകാര്യ കമ്പനികൾക്ക് നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന പദ്ധതി സ്വകാര്യ കമ്പനികൾക്ക് നൽകുന്നത് പ്രായോഗികമായി പ്രയാസം സൃഷ്ടിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം യൂണിഫോം വിതരണം സമയബന്ധിതമായി പൂർത്തിയാക്കാനാകില്ലെന്ന കാര്യംശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മുൻകാലങ്ങളിലെ പോലെ സ്കൂൾ പി. ടി. എ. കൾ നടത്തി വരുന്ന യൂണിഫോം വിതരണം തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മള്‍ട്ടി ഗ്രേഡ് ലേണിംഗ് സെന്ററില്‍ പഠിക്കുന്ന കുട്ടികള്‍ക്ക് യൂണിഫോം</u>

2641 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മള്‍ട്ടി ഗ്രേഡ് ലേണിംഗ് സെന്റര്‍ (എം.ജി.എല്‍.സി.) കളില്‍ പഠിക്കുന്ന കുട്ടികള്‍ക്ക് ഇപ്പോള്‍ സൗജന്യ യൂണിഫോം നല്‍കുന്നുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എത്ര ജോഡി വീതമാണ് നല്‍കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കില്‍ ഈ അദ്ധ്യയന വര്‍ഷം മുതല്‍ 3 ജോഡി വീതം യൂണിഫോം അവര്‍ക്കും നല്‍കാന്‍ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>മാനേജ്മെന്റ് തർക്കം കാരണം സർക്കാർ ഏറ്റെടുത്ത ഹൈസ്കൂളുകൾ</u>

2642 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനേജ്മെന്റ് തർക്കം കാരണം എത്ര ഹൈസ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഇത്തരത്തിൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം ഹൈസ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളുടെ ഭരണം നടത്തുന്നതിനായി സർക്കാർ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഉത്തരവ് ലഭ്യമാക്കുമോ;

(ഡി) അത്തരം ഹൈസ്കൂളുകളിൽ ഏതെല്ലാം സ്കൂളുകളാണ് ഹയർസെക്കണ്ടറി ആയി ഉയർത്തിയത്; എന്ന് മുതലാണ് അത്തരത്തിൽ ഉയർത്തിയത്; എത്ര കോഴ്സുകൾ; ഏതെല്ലാം; വിശദമാക്കുമോ;

(ഇ) പ്രസ്തുത സ്കൂളിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ അദ്ധ്യാപകരെ നിയമിച്ചോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) തന്മൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എപ്രകാരം പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) അത്തരം സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിലെ യോഗ്യരായ അധ്യാപകരെ ഹയർസെക്കണ്ടറിയിലേക്ക് മാറ്റി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ;

(എച്ച്) മാനേജ്മെന്റ് തർക്കം കാരണം സർക്കാർ ഏറ്റെടുത്ത സ്കൂളുകളിൽ വാർഷിക അറ്റകുറ്റപ്പണികൾ പോലും നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>സ്കൂൾ അപ്ഗ്രഡേഷന് പദ്ധതി</u>

2643 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് സ്കൂൾ അപ്ഗ്രഡേഷൻ നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങളെന്തെല്ലാം?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>എയ്ഡഡ് സ്കൂളുകളാക്കി മാറ്റിയ അൺ എയ്ഡഡ് സ്കൂളുകൾ</u>

2644 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കി സർക്കാർ ശമ്പളം നൽകുന്ന വ്യവസ്ഥ നടപ്പിൽ വരുത്തി;

(ബി) സർക്കാർ ശമ്പളം നൽകുന്ന രീതിയിലേക്ക് പുതിയതായി മാറ്റിയ സ്കൂളുകൾ ഏവ; ജില്ല തിരിച്ച് പേരും മാനേജ്മെന്റിന്റെ പേരും ലഭ്യമാക്കുമോ;

(സി) പുതിയതായി ആരംഭിച്ച ഈ വ്യവസ്ഥയിലൂടെ പ്രതിവർഷം എത്ര രൂപയുടെ അധിക ബാദ്ധ്യതയാണ് ശമ്പളമിനത്തിൽ ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരത്തിൽ സർക്കാർ ശമ്പളവ്യവസ്ഥ പുതിയതായി ആരംഭിച്ച സ്കൂളുകൾക്ക് കെ.ഇ.ആർ. വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട് എന്ന് വെളിപ്പെടുത്തുന്ന അധികാരികളുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സാക്ഷ്യപത്രത്തിന്റെ പിൻബലത്തോടെയാണോ പുതിയ സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

ബദൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

2645 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബദൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; അവയുടെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) ബദൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ അധ്യാപകർക്ക് നൽകിവരുന്ന ഓണറേറിയം 6 മാസത്തേക്ക് എങ്കിലും നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ;

(ഡി) എങ്കിൽ അതു പരിഹരിക്കുന്നതിനും അധ്യാപകർക്ക് അവരുടെ മുൻകാല സർവ്വീസ് പരിഗണിച്ച് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>അംഗീകാരമില്ലാത്ത സ്കൂളുകൾ</u>

2646 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എൽ. പി., യു. പി. ഹൈസ്കൂൾ എന്നിവ തരം തിരച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇത്തരം വിദ്യാലയങ്ങളുടെ മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ;

(ഡി) അംഗീകാരമില്ലാത്ത ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എസ്.എസ്. എൽ. സി. പരീക്ഷ എഴുതുന്നതിനുള്ള സംവിധാനം എന്താണ്; ഇത് തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾപ്രവർത്തിക്കുന്നത് പൊതുവിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിച്ച സർക്കാർ സ്കൂളുകൾ</u>

2647 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി ആരംഭിച്ച സർക്കാർ സ്കൂളുകൾ ഏതെല്ലാമാണെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അനുവദിച്ച പുതിയ എയ്ഡഡ് സ്കൂളുകൾ ഏതെല്ലാമാണെന്നും അവ ഏതെല്ലാം ജില്ലകളിലാണെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടുഎന്നും എത്ര പേരെ പുതുതായി നിയമിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) ലാഭകരമല്ലെന്ന കാരണത്താലോ കുട്ടികൾ കുറവാണെന്ന കാരണത്താലോ ഈ സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുണ്ടോ; സ്കൂളുകളുടെ പേരുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകളുടെ അപ്ഗ്രഡേഷൻ</u>

2648 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എയിഡഡ് സ്കൂളുകൾ ഈ വർഷം അപ്ഗ്രേഡ് ചെയ്യുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അപ്ഗ്രഡേഷനുവേണ്ടി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ക്ഷണിക്കാതെ നല്കിയ അപേക്ഷകൾ പരിഗണിച്ച് ഏതെങ്കിലും എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡു ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ ഭക്ഷണ വിതരണം

2649 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ ഭക്ഷണ വിതരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം</u>

2650 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണത്തിന്റെ ഭാഗമായി എന്തെല്ലാം സാധനങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) നേരത്തെ നൽകിവന്നിരുന്ന ചെറുപയർ നൽകാത്തതിന്റെ കാരണം അറിയിക്കുമോ;

(സി) ഉച്ചക്കഞ്ഞി വിതരണം ചെയ്ത വകയിൽ അധ്യാപകർക്ക് നൽകാൻ വലിയ തുക കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലയിൽ എത്ര തുക വീതം ഏതെല്ലാം വർഷങ്ങളിൽ നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഉച്ചക്കഞ്ഞി വിതരണം ചെയ്ത വകയിൽ അധ്യാപകർക്ക് സർക്കാർ കുടിശ്ശിക വരുത്തുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(എഫ്) കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതികൾക്കു നീക്കിവച്ച തുക</u>

2651 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതികൾക്ക് നീക്കിവച്ച തുക എത്ര;

(ബി) ഇതിൽ എത്ര രൂപ അദ്ധ്യയന വർഷം അവസാനിച്ചപ്പോൾ വിതരണം ചെയ്തിട്ടുണ്ട് ;

(സി) ഉച്ചഭക്ഷണ പദ്ധതിക്കായി പ്രഥമാദ്ധ്യാപകർ ചെലവാക്കിയ തുക സമയബന്ധിതമായി തിരികെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) 2013– 2014 അദ്ധ്യയന വർഷം ഈ പ്രതിസന്ധി പരിഹരിക്കാൻ മുൻകൂർ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) ഇല്ലെങ്കിൽ മുടക്കമില്ലാതെ ഉച്ചഭക്ഷണം നല്കുന്നതിനുള്ള ബദൽ മാർഗ്ഗം എന്താണെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ക്ക് പ്രഭാത ഭക്ഷണം</u>

2652 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ക്ക് പ്രഭാതഭക്ഷണം നല്‍കുന്നതിന് സര്‍ക്കാര്‍ എന്തെങ്കിലും പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(ബി) നിലവില്‍ പ്രഭാത ഭക്ഷണ പരിപാടി നടപ്പാക്കുന്ന സ്കൂളുകള്‍ ഉണ്ടോ; തിരുവനന്തപുരം ജില്ലയില്‍ ഏതെല്ലാം സ്കൂളുകളില്‍ പ്രഭാത ഭക്ഷണ പരിപാടി നടപ്പാക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി</u>

2653 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിയിൽ ഓരോ ജില്ലയിലും എത്ര കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ബി) എന്തെല്ലാം വിഭവങ്ങളാണ് ഉച്ചഭക്ഷണ പരിപാടിയിലൂടെ കുട്ടികൾക്ക് ലഭ്യമാക്കുന്നത്;

(സി) ഒരു ദിവസം ഒരു കുട്ടിക്ക് ലഭ്യമാക്കുന്ന ധാന്യം, മാംസം, പച്ചക്കറി എന്നിവയുടെ അളവ് എത്രയാണ്;

(ഡി) ഇതിനായി പ്രതിവർഷം (ഒരു സ്കൂൾ വർഷം) എത്ര തുക ചെലവഴിക്കപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന ബഡ്ജറ്റിലൂടെ 2011-2012 വർഷത്തിലും 2012-2013 വർഷത്തിലും ഉച്ചഭക്ഷണ പരിപാടിക്കായി എത്ര തുക ലക്ഷ്യമാക്കിയിരുന്നുവെന്നു വ്യക്തമാക്കുമോ;

(എഫ്) ബഡ്ജറ്റ് വിഹിതത്തിലൂടെയല്ലാതെ ഉച്ചഭക്ഷണ പരിപാടിക്കായി മറ്റ് ഏതെങ്കിലും മാർഗ്ഗങ്ങളിലൂടെ തുക ലഭ്യമാകുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പി. റ്റി. എ. ചുമതലയിലുള്ള സ്കൂള്‍ പ്രീ-പ്രൈമറി വിഭാഗം</u>

2654 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഗവണ്‍മെന്റ്, എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പി. റ്റി. എ. യുടെ ചുമതലയില്‍ പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുന്നതിന് നിലവില്‍ ഈ സര്‍ക്കാര്‍ പ്രത്യേകമായ നിബന്ധനകള്‍ വച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ആയവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇത്തരം പ്രീ-പ്രൈമറി അദ്ധ്യാപകരുടെ പ്രതിഫലം ഇപ്പോള്‍ എത്രയാണ്; അവസാനമായി ആയത് വര്‍ദ്ധിപ്പിച്ചത് എന്നാണ്;

(ഡി) പ്രീ-പ്രൈമറി അദ്ധ്യാപകര്‍ക്ക് അംഗന്‍വാടി അദ്ധ്യാപകരായി മാറ്റം നല്‍കുന്നതിന് സര്‍ക്കാര്‍ തലത്തില്‍ തീരുമാനമെടുത്തിട്ടുണ്ടോ;

(ഇ) എങ്കില്‍ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പ്രീ-പ്രൈമറി വിദ്യാലയങ്ങൾ വ്യാപകമാക്കുന്നതിനുള്ള പദ്ധതി</u>

2655 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ എത്ര പ്രീ-പ്രൈമറി ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിദ്യാലയങ്ങളിലെ ജീവനക്കാരിൽ എത്രപേർക്ക് സർക്കാർ ശമ്പളം നൽകുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രീ-പ്രൈമറി വിദ്യാലയങ്ങൾ വ്യാപകമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ, വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ഫ്ളൂറസന്റ് ലാമ്പുകൾ</u>

2656 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കുളുകളിലും പി.ടി.എ നടത്തുന്ന നേഴ്സറി ക്ലാസുകളിലും കാഴ്ചയ്ക്ക് തകരാറുണ്ടാക്കുന്ന സി.എഫ്.എൽ/എൽ.സി.ഡി ലാമ്പുകൾ വ്യാപകമായി ഉപയോഗിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ലാമ്പുകൾ മാറ്റി ഫ്ളൂറസന്റ് ലാമ്പുകൾ ഏർപ്പെടുത്തുന്നതിന് അടിയന്തിര നിർദ്ദേശം നൽകി ആയത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ബഡ്സ് സ്കൂളുകൾ</u>

2657 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും അത് ഏതെല്ലാമെന്നും എവിടെയെല്ലാം എന്നും വ്യക്തമാക്കാമോ;

(ബി) ബഡ്സ് സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ പ്ലസ് ടു അനുവദിക്കാൻ നടപടി</u>

2658

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്ലസ് ടു കോഴ്സ് ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്ലസ് ടു കോഴ്സ് നിലവിലില്ലാത്ത സർക്കാർ സ്കൂളുകളിൽ പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ കോഴ്സിന് പ്രവേശനം</u>

2659

ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണ എസ്.എസ്. എൽ. സി. പാസ്സായവരും പ്ലസ് വൺ കോഴ്സിനു അപേക്ഷ നൽകിയവരുമായ എല്ലാ കുട്ടികൾക്കും അഡ്മിഷൻ നല്കാൻ കഴിഞ്ഞോ;

(ബി) ഇല്ലങ്കിൽ പ്രവേശനം ലഭിക്കാത്ത കുട്ടികൾഎത്ര;

(സി) അവരുടെ ജില്ല തിരിച്ചുളള കണക്കു ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കുട്ടികളുടെ തുടർ പഠനത്തിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി ഫീസ് വർദ്ധന

2660 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ആർ. രാജേഷ്
,, ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഏതെല്ലാം ഫീസുകൾ എത്ര ശതമാനമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്;

(ബി) ഫീസ് വർദ്ധനവിലൂടെ എത്ര കോടി രൂപയുടെ അധിക വരുമാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) എല്ലാ മേഖലയിലും ജീവിതച്ചെലവ് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അടിക്കടി യുണ്ടാകുന്ന ഫീസ് വർദ്ധന രക്ഷിതാക്കൾക്ക് താങ്ങാനാ വുന്നതല്ല എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം തീരുമാനങ്ങൾ നിർദ്ധനരായ വിദ്യാർത്ഥിക ളുടെ ഉപരിപഠന സാദ്ധ്യതകളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഫീസ് വർദ്ധന പിൻവലിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പുതിയ ഹയർസെക്കന്ററി സ്കൂളുകൾ</u>

2661 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന ഹയർസെക്കന്ററി സ്കൂളുകൾക്കാവശ്യമായ നിയമനങ്ങൾ ഉടൻ നടത്തുമോ;

(ബി) കഴിഞ്ഞ വർഷം അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകൾ എത്ര; ഇവയിൽ അധ്യാപക തസ്തികകൾക്ക് അനുവാദം നൽകിയോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ സീറ്റ്</u>

2662

ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വണ്ണിന് എത്ര സീറ്റാണ ഈവർഷം നിലവിലുളളത്;

(ബി) എസ്. എസ്. എൽ. സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് പ്ലസ് വണ്ണിന് സീറ്റ് നിലവിലില്ലാത്തതിനാൽ എസ്. എസ്. എൽ. സി. പാസായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന അവസ്ഥ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററിയിൽ ബാച്ചുകളും സീറ്റുകളും വർദ്ധിപ്പിക്കുന്നതിന് നടപടി</u>

2663

ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററിയിൽ ബാച്ചുകളും സീറ്റുകളും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

+2, വി.എച്ച്.എസ്.ഇ. സീറ്റുകളുടെ എണ്ണം

2664 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

10-ാം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നേടാവുന്ന +2, വി.എച്ച്.എസ്.ഇ., വിവിധ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് നിലവിൽ എത്ര സീറ്റുകൾ ലഭ്യമാണ്?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ</u>

2665 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര പഞ്ചായത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ ഇല്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തിലെ കല്ലിംഗൽപാടം ഗവ. ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കുമോ;

(സി) എങ്കിൽ ഈ അദ്ധ്യയനവർഷം തന്നെ ക്ലാസ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഏതെല്ലാം ഗ്രൂപ്പുകളാണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ദേവികുളം മണ്ഡലത്തിലെ ഹയർ സെക്കന്ററി സ്കൂളുകൾ

2666 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ മാങ്കുളം, അടിമാലി, പള്ളിവാസൽ, മൂന്നാർ, മറയൂർ പഞ്ചായത്തുകളിൽ നിലവിൽ പ്ലസ് ടു അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾ എന്ന് വ്യക്തമാക്കുമോ;

(സി) മാങ്കുളം, പള്ളിവാസൽ പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂൾ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(ഇ) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി.</u>

2667 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ, എവിടെയെല്ലാമുള്ള എത്ര സ്കൂളുകൾക്കാണ് എൻ.ഒ.സി. നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അംഗീകാരം ലഭിച്ച സി. ബി. എസ്. ഇ. സ്കൂളുകൾ</u>

2668

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ അദ്ധ്യയന വർഷം സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി
സ്കൂളുകൾക്ക് എൻ.ഒ.സി

2669 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് എൻ.ഒ.സി. നൽകിയ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി സ്കൂളുകളുടെ വിശദ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2013-14 അധ്യയന വർഷം പഠിക്കുന്ന ആകെ കുട്ടികൾ എത്ര; വിശദമാക്കുമോ;

(സി) 2013-14 അധ്യയന വർഷം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര; വിശദമാക്കുമോ;

(ഡി) ഇത്തരം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി സ്കൂളുകളുടെ കടന്നു കയറ്റം മൂലം സംസ്ഥാനത്തെ പല സർക്കാർ/എയ്ഡഡ് സ്കൂളുകളും അടച്ചു പൂട്ടലിന്റെ വക്കിലാണെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം സ്കൂളുകളിൽ മാതൃഭാഷാ പഠനം പരിപോഷിപ്പിക്കുന്നതിനും, ഇത്തരം സ്കൂളുകൾ അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുവാനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എഫ്) സർക്കാർ കൂടുതൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി സ്കൂളുകൾ അനുവദിക്കുകയും, അവിടത്തെ ജീവനക്കാരുടെ കാര്യത്തിൽ ഹൈക്കോടതി ആർ.എ.1042/2012 നമ്പർ ആയി പുറപ്പെടുവിച്ച വിധിന്യായത്തിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്കൂളുകളെ സംരക്ഷിക്കുകയും ചെയ്യുന്ന നയം ഒഴിവാക്കാനും അത്തരം സ്കൂളുകളുടെ പ്രവർത്തനാനുമതി

റദ്ദാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ജി) സ്വകാര്യ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി സ്കൂളുകളിൽ പാഠ പുസ്തക വിൽപനയുടെ പേരിൽ ഉത്തരേന്ത്യൻ പുസ്തക പ്രസാധക മാഫിയ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സർക്കാർ/എയിഡഡ് മേഖലയിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ</u>

2670 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ സർക്കാർ/എയിഡഡ് മേഖലയിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ഇല്ലാത്തതുമൂലം തീരമേഖലയിലെ കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, നിലവിലുള്ള സ്കൂളുകളായ ജി.എച്ച്.എസ്.എസ് വെളിയങ്കോട്, ജി.എച്ച്.എസ്.എസ് പാലപ്പെട്ടി, പി.സി.എൻ.ജി.എച്ച്.എസ്.എസ് മൂക്കുതല എന്നിവിടങ്ങളിൽ വൊക്കേഷണൽ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അല്ലെങ്കിൽ ഇവ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളാക്കി മാറ്റുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

**അരൂർ നിയോജകമണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ**

2671

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലവിൽ ഹയർ സെക്കണ്ടറി സ്കൂൾ ഇല്ലാത്തത്; പ്രസ്തുത നിയോജകമണ്ഡലത്തിൽ ഹയർ സെക്കണ്ടറി അനുവദിക്കുന്നതിനായി ഏതെല്ലാം ഹൈസ്കൂളുകളാണ് അപേക്ഷ നൽകിയിട്ടുളളത്;

(ബി) തുറവൂർ പഞ്ചായത്തിലെ വളമംഗലം സഹകരണ ഹൈസ്കൂൾ (എയിഡഡ്), തൈക്കാട്ടുശ്ശേരി പഞ്ചായത്ത് തേവർവട്ടം ഗവൺമെന്റ് ഹൈസ്കൂൾ, എഴുപുന്ന സെന്റ് റാഫേൾസ് ഹൈസ്കൂൾ (എയിഡഡ്) എന്നിവരുടെ അപേക്ഷകളിൽ ഒരു ഹയർ സെക്കണ്ടറിപോലും ഇല്ലാത്ത പഞ്ചായത്തുകളിലെ അപേക്ഷ എന്ന നിലയിൽ അംഗീകാരം നൽകുമോ;

(സി) ചേന്നംപളളി പഞ്ചായത്തിലെ പട്ടാര്യ സമാജം ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കുമോ;

(ഡി) തൈക്കാട്ടുശ്ശേരി, അറപ്പുറം എന്നീ എയിഡഡ് സ്കൂളുകൾക്കുകൂടി ഹയർ സെക്കണ്ടറി അനുവദിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

മേലൂർ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരുടെ നിയമനം

2672 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനായി എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ;

(ബി) ഇവരുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിനുള്ള അപേക്ഷയിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററിയിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ

2673 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി നിലവിൽ വന്നശേഷം പ്രസ്തുത വിഭാഗത്തിൽ ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഈ വിഭാഗത്തിൽ പ്രവേശനം പൂർത്തിയാക്കിയതിനു ശേഷം നാളിതുവരെ ഒഴിഞ്ഞു കിടന്നിട്ടുള്ള സീറ്റുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം</u>

2674 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതിയിൽ ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്നും പദ്ധതി എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഹയർസെക്കണ്ടറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ ഗവൺമെന്റ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

2675 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർസെക്കണ്ടറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ ഗവൺമെന്റ് ഹൈസ്കൂളുകൾ ഹയർസെക്കണ്ടറി സ്കൂളുകളായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുപോലെ എത്ര പഞ്ചായത്തുകളാണുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹൈസ്കൂൾ ഹയർസെക്കണ്ടറി സ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പ്ലസ് വൺ പ്രവേശനത്തിന് സ്പോർട്ട്സ് ക്വാട്ട</u>

2676 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിന് സ്പോർട്ട്സ് ക്വാട്ടയിൽ ആകെ എത്ര സീറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; സ്പോർട്ട്സ് ക്വാട്ടയിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) സ്പോർട്ട്സ് ക്വാട്ടയിൽ അർഹതയില്ലാത്തവർക്കും പ്രവേശനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2013–ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി മേഖലയിൽ പുതിയ സ്ക്കൂളുകളും ബാച്ചുകളും

2677 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി മേഖലയിൽ പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതിയ സ്കൂളുകളുടെയും, ബാച്ചുകളുടെയും എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(സി) സർക്കാർ/എയിഡഡ് മേഖലകളിൽ ഏതൊക്കെ, സ്ഥലങ്ങളിലും സ്ക്കൂളുകൾക്കുമാണ് യഥാക്രമം സ്ക്കൂളും ബാച്ചുകളും അനുവദിക്കുന്നതെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ ;

(ഡി) പുതിയ സ്ക്കൂളുകളും ബാച്ചുകളും നൽകുന്നതിന് നിഷ്ക്കർഷിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഹയർസെക്കന്ററി സ്കൂളുകൾ</u>

2678 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലുൾപ്പെട്ട ഏതെല്ലാം പഞ്ചായത്തുകളിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പുതിയതായി ഹയർസെക്കന്ററി കോഴ്സ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ ;

(ബി) ഹയർ സെക്കന്ററിയ്ക്ക് പുതിയ ബാച്ചുകൾ അനുവദിച്ചിരിക്കുന്ന സ്കൂളുകളുടെ പേര് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

**<u>കൊല്ലം ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ</u>**

2679 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ (സർക്കാർ/എയ്ഡഡ് മേഖലകളിൽ) ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിന് നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) കൊട്ടാരക്കര താലൂക്കിലെ മൈലം ഗ്രാമപഞ്ചായത്തിൽപ്പെട്ട പെരുങ്കുളം ഗവൺമെന്റ് പി.വി.എച്ച്.എസിൽ ഹയർ സെക്കണ്ടറി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>മാറഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് സ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി</u>

2680 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ തന്നെ ഉന്നത നിലവാരവും, വിജയശതമാനവും ഉള്ള മാറഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ആവശ്യമായ സ്ഥലസൗകര്യമില്ലാത്തതുമൂലം അധ്യാപകരും, വിദ്യാർത്ഥികളും ഏറെ പ്രയാസപ്പെടുന്ന കാര്യം അറിയാമോ;

(ബി) ഒന്നര ഏക്കറിൽ താഴെയുള്ള സ്ഥലത്തുള്ള കെട്ടിടങ്ങളിൽ നാലായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അഡ്മിഷൻ ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും സ്ഥലപരിമിതി മൂലം പ്രവേശനം നൽകാനാവാതെ സ്കൂൾ അധികൃതർ പ്രയാസപ്പെടുന്നത് അറിയാമോ;

(ഡി) എങ്കിൽ, തൊട്ടടുത്ത സ്ഥലങ്ങൾ സ്കൂളിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

**എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുതിരുത്തുന്നതിൽ വരുന്ന കാലതാമസം**

2681 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുതിരുത്തുന്നതിനായി പരീക്ഷാഭവനിൽ സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പുകൽപ്പിച്ച് നൽകുന്നതിൽ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതൊഴിവാക്കുന്നതിനായി ജില്ലകൾ തോറും സ്ഥിരം കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) 2013 ജനുവരി ആദ്യവാരത്തിൽ തൃശൂർ ജില്ലയിൽ നടത്തിയ അദാലത്തിൽ സമർപ്പിച്ച അപേക്ഷകൾ ഇനിയും തിരുത്തി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രത്യേക അദാലത്തുകൾ നടത്തിയിട്ടും അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം വരുന്നത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

പത്താം ക്ലാസ്സ് ഇംഗ്ലീഷ് മീഡിയത്തിലെ ചരിത്ര, ഭൂമിശാസ്ത്ര പുസ്തകങ്ങളിൽ വന്ന തെറ്റുകൾ

2682 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അധ്യയനവർഷത്തിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ ഇംഗ്ലീഷ് മീഡിയം പത്താംക്ലാസ്സ് പാഠപുസ്തകങ്ങളിൽ ചരിത്ര, ഭൂമിശാസ്ത്രവിഷയങ്ങളിൽ വരുത്തിയ തെറ്റുകളും ആയത് മൂലമുണ്ടാകുന്ന ആശയക്കുഴപ്പവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ തെറ്റുകളാണ് പ്രസ്തുത ചരിത്ര, ഭൂമിശാസ്ത്ര പുസ്തകങ്ങളിൽ വന്നിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഈ അധ്യയനവർഷം എത്ര ലക്ഷം ചരിത്ര, ഭൂമിശാസ്ത്ര പുസ്തകങ്ങളാണ് പത്താംക്ലാസ്സ് ഇംഗ്ലീഷ് മീഡിയത്തിൽ അച്ചടിച്ച് വിതരണം ചെയ്തത്; ഇതിനായി ചെലവഴിച്ച തുക എത്ര; വിശദമാക്കുമോ;

(ഡി) പ്രസ്തുത പാഠപുസ്തകങ്ങൾ റദ്ദാക്കി ശരിയായ പഠനം നടത്തി പുതിയ പാഠപുസ്തകം തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) തെറ്റായവിധത്തിൽ പുസ്തകം തയ്യാറാക്കിയ ഉദ്യോഗസ്ഥരെ അടിയന്തിരമായി മാറ്റി നിർത്തി അന്വേഷണം നടത്തുന്നതിനും ശിക്ഷ നൽകുവാനും നിലവിലെ പുസ്തകം പിൻവലിച്ച് പുതിയ പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്ന വകയിൽ വിദ്യാഭ്യാസ വകുപ്പിന് വരുന്ന ചെലവ് പ്രസ്തുത ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുവാനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>പാഠപുസ്തകത്തിൽ അച്ചടിപ്പിശക്</u>

2683 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയനവർഷം സംസ്ഥാനത്ത് വിതരണം ചെയ്ത പാഠപുസ്തകത്തിൽ നിരവധി അച്ചടിപ്പിശക് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുപ്രകാരം അച്ചടിപ്പിശക് വന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിഷയത്തിൽ വീഴ്ച പറ്റിയതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) അച്ചടിപ്പിശക് പരിഹരിച്ച് പുതിയ പാഠപുസ്തകങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് ജൂൺ 3-ന് മുമ്പായി തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുമോ;

(ഡി) അച്ചടിപ്പിശക് മൂലം ഉണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>അധ്യാപക വിദ്യാർത്ഥി അനുപാതം</u>

2684 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ നിയമ പ്രകാരം ലോവർ പ്രൈമറി സ്കൂൾ, അപ്പർ പ്രൈമറി സ്കൂൾ എന്നിവയിൽ അധ്യാപക വിദ്യാർത്ഥി അനുപാതം എത്രയെന്നു വെളിപ്പെടുത്തുമോ;

(ബി) പുതിയ തസ്തിക അനുവദിക്കണമെങ്കിൽ വിദ്യാർത്ഥികളുടെ എണ്ണം എത്ര വേണമെന്ന് അറിയിക്കുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് ഭാഷാധ്യാപകരുടെ നിയമനത്തിന് കുട്ടികളുടെ എണ്ണം എത്രയെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം

2685 ശ്രീ.കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ഈ വർഷം കുട്ടികൾക്ക് ഏത് ക്ലാസ്സ് മുതലാണ് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ വർഷം എല്ലാ കുട്ടികൾക്കും നിശ്ചിത സമയപരിധിക്കുള്ളിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ മേഖലയിലെ സർവ്വീസ് സംഘടനകൾ</u>

2686 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ അംഗീകാരമുള്ള എത്ര സർവ്വീസ് സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) അധ്യാപക-അനധ്യാപക മേഖലയിൽ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സർവ്വീസ് സംഘടനകളുടെ പേരുവിവരം നൽകുമോ;

(സി) വിദ്യാഭ്യാസ വകുപ്പിൽ സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വീസ് സംഘടനകളുടെ ബാഹുല്യം വിദ്യാഭ്യാസവകുപ്പിന് ഗുണകരമാണോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സർവ്വീസ് സംഘടനകളുടെ അംഗീകാരം പുനഃപരിശോധിക്കുന്നതിന് വകുപ്പിൽ ഹിത പരിശോധന നടത്താൻ നടപടികളാരംഭിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>സ്കൂളുകളിൽ കായിക വിദ്യാഭ്യാസം</u>

2687 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിൽ കായിക വിദ്യാഭ്യാസത്തിന്റെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഈ സർക്കാറിന്റെ കാലത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുളളത്?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>ഉദുമ നിയോജക മണ്ഡലത്തിലെ ഗവ:ഹൈസ്കൂളുകൾ</u>

2688 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിൽ ഹയർ സെക്കണ്ടറി വിഭാഗം ഇല്ലാത്ത എത്ര ഗവ:ഹൈസ്കൂളുകൾ ഉണ്ട്;

(ബി) ഈ ഗവ:ഹൈസ്കൂളുകളിൽ ഈ അദ്ധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം അനുവദിച്ച തുക

2689 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2013-2014 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ വകുപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 13-ാം ധനകാര്യ കമ്മീഷനിലെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചതെന്ന് വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2010-11 മുതൽ 2012-13 വർഷങ്ങളിലെ ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ;

(ഇ) 2010-11 മുതൽ 2012-13 വർഷങ്ങളിലെ ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

2690

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാംപ്രകാരം ഈ വർഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നല്കുക എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലും തെരഞ്ഞെടുത്തിട്ടുള്ള അഡീഷണൽ സ്കിൽ പ്രോഗ്രാം (ട്രേഡ്) ഏതാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ദേശീയ വിദ്യാഭ്യാസ നയം

2691 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ വിദ്യാഭ്യാസനയം നമ്മുടെ സംസ്ഥാനത്ത് ഏതു രീതിയിലാണ് നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(ബി) 5 വയസ്സില്‍ ഒന്നാം ക്ലാസില്‍ ചേരുന്ന കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം തുടര്‍ന്നും നിലനിര്‍ത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് ഇപ്പോഴുള്ള എല്‍.പി, യു.പി, ഹൈസ്കൂള്‍ സമ്പ്രദായം അതേപടി നിലനിര്‍ത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കില്‍ എന്തെല്ലാം മാറ്റങ്ങളാണ് ഇക്കാര്യത്തില്‍ വരുത്തുവാന്‍ ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശനിയമം</u>

2692 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശനിയമം കേരളത്തിൽ പ്രാബല്യത്തിൽ വന്നുവോ; പ്രസ്തുത നിയമമനുസരിച്ചുള്ള ക്രമീകരണങ്ങൾ പ്രാവർത്തികമായിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ അവകാശനിയമമനുസരിച്ച് സ്കൂൾ ക്ലാസ്സുകളുടെ പുന:ക്രമീകരണം പൂർത്തിയായോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

ആഴകം ഗവണ്‍മെന്റ് യു.പി. സ്കൂളിന്റെ സ്ഥലം പൊതുവഴിക്കായി വിട്ടുനല്‍കാന്‍ നടപടി

2693 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മുക്കന്നൂര്‍ ഗ്രാമപഞ്ചായത്തില്‍ പ്രവര്‍ത്തിക്കുന്ന ആഴകം ഗവണ്‍മെന്റ് യു.പി. സ്കൂളിന്റെ കൈവശമുളള സ്ഥലത്തുനിന്നും 3.41 ആര്‍ സ്ഥലം പൊതുവഴിക്കായി വിട്ടുനല്‍കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ എന്‍.ഒ.സി. ലഭ്യമാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) എന്‍.ഒ.സി. എന്നത്തേക്ക് ലഭ്യമാക്കാന്‍ കഴിയുമെന്ന വിവരവും ഇത് സംബന്ധിച്ച് സര്‍ക്കാര്‍ ഫയല്‍ നമ്പരും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രയ്ക്കുപയോഗിക്കുന്ന സ്വകാര്യ വാഹനങ്ങൾ</u>

2694 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വകാര്യ സ്കൂളുകളിലും സർക്കാർ സ്കൂളുകളിലും വിദ്യാർത്ഥികളെ കൊണ്ടു വരാനും, തിരികെ കൊണ്ടു പോകാനും ഉപയോഗിക്കപ്പെടുന്ന സ്വകാര്യ വാഹനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു നൽകിയിരിക്കുന്ന നിർദ്ദേശങ്ങളും ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളും എന്തൊക്കെയാണെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>വിമുക്തി പരിപാടി</u>

2695 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ലഹരി വിമുക്ത പ്രവർത്തനങ്ങൾക്കായി ആലപ്പുഴ ജില്ലയിൽ രൂപീകരിച്ച വിമുക്തി പരിപാടിയ്ക്ക് കർമ്മ പദ്ധതി തയ്യാറാക്കിയോ; ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(ബി) മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഈ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂളുകളിലെ സീറ്റുകളിൽ സംവരണം</u>

2696 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ സീറ്റുകളിൽ 25 ശതമാനം പിന്നോക്ക ദുർബല വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് നൽകുവാൻ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് സർക്കാർ ഉത്തരവ് നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ടെസ്റ്റും ഇന്റർവ്യൂവും നടത്തി പ്രവേശന യോഗ്യത നിശ്ചയിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

ലബ്ബ കമ്മിറ്റി റിപ്പോർട്ട്

2697 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ നിയമിച്ച ലബ്ബ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(സി) ലബ്ബാക്കമ്മിറ്റി ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>പ്ലസ്‌വൺ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം</u>

2698 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' സാജു പോൾ
'' കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം പുതിയ ഹയർസെക്കന്ററി സ്കൂളുകളോ അധിക ബാച്ചുകളോ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ അധ്യയന വർഷം കുട്ടികൾ ഇല്ലാത്തതിനാൽ അനുവദിച്ച എത്ര കോഴ്സുകൾ റദ്ദു ചെയ്തിട്ടുണ്ട്;

(സി) ഏകജാലക സംവിധാനം ഫലപ്രദമായി നടപ്പാക്കാത്തതും, അശാസ്ത്രീയമായി കോഴ്സുകൾ അനുവദിച്ചതുമാണ് ഈ അവസ്ഥയ്ക്ക് കാരണമെന്നത് പരിശോധിക്കപ്പെടുകയുണ്ടായോ;

(ഡി) ഈ അദ്ധ്യയന വർഷം ഇത്തരം പോരായ്മകൾ നികത്തുന്നതിനും പ്ലസ്‌വൺ അഡ്മിഷൻ സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകൽ</u>

2699 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കമ്മിറ്റിയുടെ ഘടനയും ആരൊക്കെയാണ് അംഗങ്ങളെന്നും വെളിപ്പെടുത്താമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റി എത്ര തവണ യോഗം ചേർന്നെന്നും കമ്മിറ്റിയുടെ നിഗമനങ്ങളും തീരുമാനങ്ങളും എന്തെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണം നൽകാനുള്ള നടപടി</u>

2700 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണം നൽകുന്ന നടപടി സ്വാശ്രയ കോളേജുകളിലേക്ക് കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുമൂലം നിലവാരമില്ലെന്ന അക്ഷേപം നിലനിൽക്കുന്ന സ്വാശ്രയകോളേജുകളുടെ നിലവാരം പിന്നെയും താഴേക്ക് പോകുമെന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എങ്കിൽ ഇതിന്റെ നടത്തിപ്പ് എപ്രകാരമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

കോളേജുകൾക്ക് സ്വയംഭരണാവകാശം

2701 ശ്രീ. മാത്യു. റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാർഗ്ഗനിർദ്ദേശമോ നടപടിക്രമങ്ങളോ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സ്വയംഭരണാവകാശം ദുർവ്യയം ചെയ്യാതിരിക്കുവാൻ ഏതെങ്കിലും തരത്തിലുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിക്കുന്ന കോളേജുകൾ</u>

2702 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ഏതെല്ലാം നിയമസഭാ മണ്ഡലങ്ങളിലാണ് കോളേജുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത;

(ബി) ഇതിൽ എവിടെയെല്ലാം 5 ഏക്കർ വീതം സ്ഥലം ലഭ്യമായിട്ടുണ്ട്;

(സി) സർക്കാർ വക സ്ഥലം ലഭ്യമായത് എവിടെയെല്ലാമാണ്;

(ഡി) ഗ്രാമപഞ്ചായത്തുകൾ സ്ഥലം വാങ്ങി സർക്കാരിന് കൈമാറിയത് എവിടെയെല്ലാമാണ്:

(ഇ) സൗജന്യമായി സ്ഥലം ലഭിച്ചത് എവിടെയെല്ലാമാണ്;

(എഫ്) സ്പെഷ്യൽ ഓഫീസർമാരെ നിയോഗിച്ചത് എവിടെയെല്ലാമാണ്;

(ജി) സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ ഈ അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പുതിയ കോളേജുകൾ</u>

2703 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബഡ്ജറ്റ് ചർച്ചാ മറുപടി പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഉറപ്പു നൽകിയ പുതിയ കോളേജുകളിൽ ഈ അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിലാണ് സർക്കാർ കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>കോളേജുകളിലെ പുതിയ കോഴ്സുകളും അധ്യാപക നിയമനവും</u>

2704 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം ആക്സസ് ആന്റ് എക്സ്പാൻഷൻ ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചു; പ്രസ്തുത കോഴ്സുകൾക്ക് അനുസൃതമായി അധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(സി) പുതിയ പി.ജി. കോഴ്സുകൾ അനുവദിക്കപ്പെട്ട കൊയിലാണ്ടി സർക്കാർ കോളേജിൽ അധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പുതുതായി പ്രഖ്യാപിച്ച ഗവൺമെന്റ് കോളേജുകൾ</u>

2705

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി എത്ര ഗവൺമെന്റ് കോളേജുകൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) ഇതിൽ കാസർഗോഡ് ജില്ലയിൽ എത്ര കോളേജുകൾക്കാണ് നിവേദനം ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.06.2013-ലെ മറുപടിക്ക്

<u>തലശ്ശേരി നിയമസഭാ മണ്ഡലത്തിൽ ആർട്ട്സ് ആൻഡ് സയൻസ് കോളേജ്</u>

2706 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയമസഭാ മണ്ഡലത്തിൽ സർക്കാർ മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കോളേജ് ആരംഭിക്കുന്നതിനുള്ള സ്ഥലവും മറ്റു ഭൗതിക സാഹചര്യങ്ങളും കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കോളേജ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കുന്ന വിധം കോളേജ് തുടങ്ങുന്നതിന് സാധ്യമാകുമോ; വിശദാംശം വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടിയിലെ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളെജ് വക സ്ഥലത്ത് റീജിയണൽ സയൻസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി</u>

2707

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് വക സ്ഥലത്ത് റീജിയണൽ സയൻസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>മെഡിക്കൽ റീ ഇംബേഴ്സിനായി ഇ. ജസിയയുടെ പരാതി</u>

2708 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മെഡിക്കൽ റീ ഇംബേഴ്സുമായി ബന്ധപ്പെട്ട് ഇ. ജസിയയുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ $D_2$/16506/08/Collegiate Education എന്ന ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 23.3.2009ൽ നൽകിയ പരാതി നാളിതുവരെയും തീർപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ആയതു സംബന്ധിച്ച് അന്വേഷണം നടത്തി കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക എന്നത്തേക്ക് നൽകാൻ സാധിക്കും; വിശദമാക്കാമോ?

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

<u>സ്വാശ്രയ കോളേജുകളിലെ അലോട്ട്മെന്റ്</u>

2709 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിൽ അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിച്ച കുട്ടികൾ ഫീസ് അടച്ചു കഴിഞ്ഞ് റീഅലോട്ടുമെന്റിൽ സൗകര്യപ്രദമായ സ്ഥലത്ത് കൂടുതൽ അനുയോജ്യമായ വിഷയങ്ങളിൽ പ്രവേശനം ലഭിച്ചാൽ ആദ്യ കോളേജിൽ നിന്ന് ഫീസ് തിരിച്ചു നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

**സ്വാശ്രയ എൻജിനിയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ വിജയശതമാനം കുറഞ്ഞത്**

2710

ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എൻജിനീയറിംഗ് വിദ്യാഭ്യാസം നിലവാരത്തകർച്ച നേരിടുമ്പോൾ പ്രവേശന മാനദണ്ഡത്തിൽ ഇളവ് വരുത്താനുള്ള തീരുമാനം സ്വീകരിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

### സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതിയ കോളേജ് അനുവദിക്കൽ

2711 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, കെ. രാധാകൃഷ്ണൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതിയ കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണ്; വ്യക്തമാക്കുമോ.

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്ത് സ്വകാര്യസ്വാശ്രയ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഈ വർഷം ഇത്തരം കോളേജുകൾ തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; അപേക്ഷകളിൽ തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) എ. ഐ. സി. ടി. ഇ. അംഗീകാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളുമായി സർക്കാർ കരാർ ഒപ്പുവെച്ചിട്ടുണ്ടോ; ഇത്തരം കോളേജുകൾക്ക് സീറ്റ് പങ്കുവെക്കൽ കരാറിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) അംഗീകാരമില്ലാത്ത കോളേജുകൾക്ക് അലോട്ടമെന്റ് നൽകാനുള്ള തീരുമാനം ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംരക്ഷണം ലഭിക്കില്ല എന്ന സുപ്രീംകോടതിവിധിയുടെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിലവാരത്തകർച്ച നേരിടുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കേളേജുകൾ അടച്ചുപൂട്ടണമെന്ന ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ പുതിയ കോളേജുകളും സീറ്റ് അലോട്ട്മെന്റുകളും നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഏറനാട് മണ്ഡലത്തിൽ വനിതാ എഞ്ചിനീയറിംഗ് കോളേജ്

2712 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വനിതാ എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ലാത്ത ജില്ലകളുടെ വിശദാംശം നൽകാമോ;

(ബി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിൽ ഒരു വനിതാ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) ഏറനാട് നിയോജക മണ്ഡലത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ വനിതാ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.06.2013–ലെ മറുപടിക്ക്

<u>പോളിടെക്നിക്ക് പാഠ്യപദ്ധതികളും കോഴ്സുകളും</u>
<u>കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ നടപടി</u>

2713 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്ക് പാഠ്യ പദ്ധതികളും കോഴ്സുകളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പോളിടെക്നിക്കുകളിൽ വിദേശ തൊഴിൽ സാധ്യത കണക്കിലെടുത്ത് ആവിഷ്കരിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാണ്;

(സി) പോളിടെക്നിക്കുകളിൽ ഇതിനായി എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പോളിടെക്നിക്കുകളിലെ സായാഹ്ന കോഴ്സുകൾ</u>

2714 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോളി ടെക്നിക്കുകളിൽ സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പുതിയ പോളിടെക്നിക് കോളേജുകൾ പ്രഖ്യാപിച്ചതിന്റെ വിശദാംശം</u>

2715 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ 'പരപ്പ പോളിടെക്നിക്' അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) 2013 ജനുവരിക്ക് ശേഷം എവിടെയെങ്കിലും പുതിയ പോളിടെക്നിക് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ഐ.ഐ.ടി.</u>

2716 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ട്, കേന്ദ്ര അനുമതിയോടെ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഐ.ഐ.ടി. സ്ഥാപന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കാമോ;

(ബി) ആയതിനുവേണ്ടി എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നിലനില്പ്

2717

ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. ജി. റ്റി. ഇ. കോമേഴ്സ് , കമ്പ്യൂട്ടർ വേർഡ് പ്രോസ്സസിംഗ് (ടൈപ്പിസ്റ്റ് തസ്തികയ്ക്കായുള്ള) പരീക്ഷ ഘട്ടംഘട്ടമായി നിർത്താലാക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇത്തരം പരീക്ഷകൾക്ക് പരിശീലനം നൽകുന്ന സംസ്ഥാനത്തെ കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ നിലനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി കമ്പ്യൂട്ടർ കോഴ്സായ ഡി. സി. എ., ഡേറ്റാ എൻട്രി കോഴ്സുകൾക്ക് തുല്യമായി ഈ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഡോ. എൻ. ആർ. മാധവമേനോൻ കമ്മിറ്റിയുടെ റിപ്പോർട്ട്

2718

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വയംഭരണം നടപ്പിലാക്കുന്നതിനെ കുറിച്ച് പഠിക്കാൻ നിയോഗിച്ച ഡോ. എൻ. ആർ. മാധവമേനോൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം നിമിത്തം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വയംഭരണാവകാശം നൽകുന്നതു വഴി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.06.2013–ലെ മറുപടിക്ക്**

<u>അക്കാദമിക് സിറ്റി</u>

2719 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്കാദമിക സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(ബി) പ്രസ്തുത സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഏകീകൃത ഏകജാലക പ്രവേശന സംമ്പ്രദായം

2720

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി തലത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഏകീകൃത ഏകജാലക പ്രവേശന സമ്പ്രദായത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹതപ്പെട്ട പിന്നോക്ക സമുദായ സംവരണവും വിദ്യാഭ്യാസ ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) ഉന്നത വിദ്യാഭ്യാസ കോഴ്സുകളിലേയ്ക്ക് ഏകജാലക സമ്പ്രദായം മുഖേന പ്രവേശനം നൽകുമ്പോൾ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല</u>

2721 ശ്രീ. എ. റ്റി. ജോർജ്
'' വി. പി. സജീന്ദ്രൻ
'' പാലോട് രവി
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ പ്രവർത്തനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഓപ്പൺ യൂണിവേഴ്സിറ്റി

2722 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

ഇഫ്‌ലൂ സർവ്വകലാശാല

2723 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് ആരംഭിക്കുന്ന 'ഇഫ്‌ലൂ' സർവ്വകലാശാലയുടെ അക്കാദമിക് പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇംഗ്ലീഷ്/മറ്റ് വിദേശ ഭാഷകൾ എന്നിവയുടെ പഠനം കൂടുതൽ സാർവ്വത്രികമാക്കുന്നതിന് ഹ്രസ്വകാല കോഴ്സുകളും വിദൂരപഠനസൗകര്യവും ഇഫ്‌ലൂ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇല്ലായെങ്കിൽ അത്തരം കോഴ്സുകൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>'ഇഫ്ലൂ' സർവ്വകലാശാല കേന്ദ്രം സ്ഥാപിക്കാൻ നടപടി</u>

2724 ശ്രീ. ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഇഫ്ലൂ' സർവ്വകലാശാലാ കേന്ദ്രം സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാലാ പദ്ധതി നടത്തിപ്പ്</u>

2725 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല പദ്ധതി നടത്തിപ്പിനായി സ്വകാര്യ സംരംഭകരിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു മാനദണ്ഡപ്രകാരം സ്വീകരിക്കാനാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ മറ്റേതെങ്കിലും സർവ്വകലാശാല നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കോഴിക്കോട് സർവ്വകലാശാല എത്ര കോടി രൂപ ചെലവു വരുന്ന പദ്ധതികൾ നടപ്പാക്കാനാണ് സ്വകാര്യ നിക്ഷേപം തേടുന്നത്; ഈ പദ്ധതിയുമായി സഹകരിക്കാൻ മുന്നോട്ട് വന്ന വ്യവസായികൾ ആരെല്ലാം;വ്യക്തമാക്കാമോ;

(ഇ) ഇവർ എന്തെങ്കിലും നിബന്ധനകൾ വച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) പ്രസ്തുത പദ്ധതിയ്ക്ക് സർവ്വകലാശാലാ വൈസ് ചാൻസലർ എന്തെങ്കിലും പങ്ക് വഹിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) ഇത് സംബന്ധിച്ച് സിൻഡിക്കേറ്റ് യോഗം തീരുമാനമെടുത്തിട്ടുണ്ടോ; എത്ര പേർ എതിർത്തു; എത്ര പേർ നിർദ്ദേശം അംഗീകരിച്ചു; വിശദമാക്കുമോ;

(എച്ച്) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സർവ്വകലാശാല, നിലവിലെ നിയമങ്ങളിൽ എന്തെങ്കിലും വിട്ടുവീഴ്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**കേരള നിയമസഭ**
**20.06.2013-ലെ മറുപടിക്ക്**

(ഐ) സർവ്വകലാശാല മറ്റേതെങ്കിലും സൗകര്യങ്ങൾ ഇത്തരം സ്വകാര്യ നിക്ഷേപകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>യൂണിവേഴ്സിറ്റികളിൽ കേന്ദ്രീകൃത മൂല്യ നിർണ്ണയരീതി</u>

2726 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ രീതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം യൂണിവേഴ്സിറ്റികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) കേന്ദ്രീകൃത മൂല്യ നിർണ്ണയരീതി നടപ്പിലാക്കുന്നതിനുള്ള പുരോഗതികൾ വിശദീകരിക്കുമോ; ഈ സംവിധാനം കൂടുതൽ വിപുലീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.06.2013-ലെ മറുപടിക്ക്

<u>സാങ്കേതിക സർവ്വകലാശാല</u>

2727 ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്?